## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1547** **07-02-2023 - ൽ മറുപടിയ്ക്ക്**

## തഹസിൽദാർമാരുടെ പ്രമോഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സബ് കളക്ടർ/ആർ.ഡി.ഒ തസ്തികകളിൽ അനുവദനീയമായതിലും അധികമായി ഐ.എ.എസ്. ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഐ.എ.എസ് (കേഡർ) റൂൾസ്, 1954 പ്രകാരം സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കൂടി പരിഗണിച്ച് കേന്ദ്ര സർക്കാരാണ് കേരള കേഡറിലേക്ക് അനുവദിക്കേണ്ട ഐ.എ.എസ് ഉദ്യോഗസ്ഥരുടെ എണ്ണം നിശ്ചയിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ ഫേസ്-2 ട്രെയിനിംഗിനുശേഷം സബ് കളക്ടർമാരായിട്ടാണ് നിയമിക്കുന്നത്. നിലവിൽ പതിനഞ്ച് ഐ.എ.എസ് ഉദ്യോഗസ്ഥരെ സബ് കളക്ടർമാരായി നിയമിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ഐഎഎസ് ഉദ്യോഗസ്ഥരെ നിയോഗിച്ചത് മൂലം എത്ര തഹസിൽദാർമാർക്ക് അർഹതപ്പെട്ട പ്രമോഷൻ നിഷേധിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) | തഹസിൽദാർമാർക്ക് അർഹമായ പ്രൊമോഷൻ നഷ്ടപ്പെട്ടിട്ടില്ല. ഡെപ്യൂട്ടി കളക്ടർമാരുടെ റിവേർഷൻ ഒഴിവാക്കുന്നതിനും തഹസിൽദാർമാരുടെ സ്ഥാനക്കയറ്റം തടസ്സപ്പെടാതിരിക്കുന്നതിനുമായി 11.10.2022 തീയതിയിലെ G.O.(Ms) No.235/2022/RD നമ്പർ ഉത്തരവ് പ്രകാരം നാല് ഡെപ്യൂട്ടി കളക്ടർമാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാരായി വിവിധ ജില്ലകളിൽ നിയമനം നടത്തിയിട്ടുണ്ട്. |
| (സി) | മേൽപ്പറഞ്ഞ പ്രകാരം പ്രമോഷൻ നഷ്ടപ്പെട്ട തഹസിൽദാർമാർക്ക് അർഹതപ്പെട്ട പ്രമോഷൻ നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | തഹസിൽദാർമാർക്ക് അർഹമായ പ്രൊമോഷൻ നഷ്ടപ്പെട്ടിട്ടില്ല. ഡെപ്യൂട്ടി കളക്ടർമാരുടെ റിവേർഷൻ ഒഴിവാക്കുന്നതിനും തഹസിൽദാർമാരുടെ സ്ഥാനക്കയറ്റം തടസ്സപ്പെടാതിരിക്കുന്നതിനുമായി 11.10.2022 തീയതിയിലെ G.O.(Ms) No.235/2022/RD നമ്പർ ഉത്തരവ് പ്രകാരം നാല് ഡെപ്യൂട്ടി കളക്ടർമാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാരായി വിവിധ ജില്ലകളിൽ നിയമനം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ